# ഖുർആൻ ബോധനം

എ.വൈ.ആർ



സൂറ-15

# അൽ ഹിജ്ർ

89 പ്രവാചകൻ ജനങ്ങളോടു പറയുക: ഞാൻ തീർച്ചയായും തെളിഞ്ഞ മുന്നറിയിപ്പുകാരനാകുന്നു.
90 വിഭജനക്കാർക്കു നാം ഇറക്കിയതുപോലെ;
91 ഖുർആനിനെ തുണ്ടങ്ങളാക്കിയവർക്ക്
92 നിന്റെ നാഥനാണ, നാം അവരോടൊക്കെയും ചോദിക്കുക തന്നെ ചെയ്യും,
93 അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെക്കുറിച്ച്.
94 ആകയാൽ പ്രവാചകൻ കൽപിക്കപ്പെട്ട സന്ദേശം പരസ്യമായി ഉദ്ഘോഷിച്ചുകൊള്ളുക. ഈ ബഹുദൈവാരാധകരെ സാരമാക്കേണ്ടതില്ല.
95 ഈ പരിഹാസക്കാരെ നിനക്കു വേണ്ടി നാം നേരിട്ടു കൊള്ളാം.
96 അല്ലാഹുവിനോടൊപ്പം മറ്റുള്ളവരെ ദൈവമാക്കുന്നവരെ. അടുത്ത ഭാവിയിൽ അവർക്കതു മനസ്സിലാകും.
97 ഈ ജനം പറയുന്ന വർത്തമാനങ്ങളിൽ നിനക്ക് മനക്ലേശമുണ്ടാകുന്നതു നമുക്കറിയാം.
98 അപ്പോൾ മനസ്വാസ്ഥ്യം നേടാൻ നീ വിധാതാവിന്റെ സ്തുതി കീർത്തനം ചെയ്യുക. അവന്റെ മുന്നിൽ സാഷ്ടാംഗപ്രണാമം ചെയ്യുക,
99 ഉറപ്പായ ആ അന്ത്യനിമിഷം വന്നെത്തുന്നതു വരെ വിധാതാവിനു വഴിപ്പെട്ടു വാഴുക.

وَقُلْ إِنِّيٓ أَنَا ٱلنَّذِيرُ ٱلْمُبِينُ ﴿٨٩﴾
كَمَآ أَنزَلْنَا عَلَى ٱلْمُقْتَسِمِينَ ﴿٩٠﴾
ٱلَّذِينَ جَعَلُوا۟ ٱلْقُرْءَانَ عِضِينَ ﴿٩١﴾
فَوَرَبِّكَ لَنَسْـَٔلَنَّهُمْ أَجْمَعِينَ ﴿٩٢﴾
عَمَّا كَانُوا۟ يَعْمَلُونَ ﴿٩٣﴾
فَٱصْدَعْ بِمَا تُؤْمَرُ وَأَعْرِضْ عَنِ ٱلْمُشْرِكِينَ ﴿٩٤﴾
إِنَّا كَفَيْنَٰكَ ٱلْمُسْتَهْزِءِينَ ﴿٩٥﴾
ٱلَّذِينَ يَجْعَلُونَ مَعَ ٱللَّهِ إِلَٰهًا ءَاخَرَ ۚ فَسَوْفَ يَعْلَمُونَ ﴿٩٦﴾
وَلَقَدْ نَعْلَمُ أَنَّكَ يَضِيقُ صَدْرُكَ بِمَا يَقُولُونَ ﴿٩٧﴾
فَسَبِّحْ بِحَمْدِ رَبِّكَ وَكُن مِّنَ ٱلسَّٰجِدِينَ ﴿٩٨﴾
وَٱعْبُدْ رَبَّكَ حَتَّىٰ يَأْتِيَكَ ٱلْيَقِينُ ﴿٩٩﴾

وَقُلْ= പറയുക നീ(പ്രവാചകൻ ജനങ്ങളോടു) إِنِّيٓ أَنَا= ഞാൻ തീർച്ചയായും ٱلنَّذِيرُ= മുന്നറിയിപ്പുകാരനാകുന്നു ٱلْمُبِينُ= തെളിഞ്ഞ

كَمَآ أَنزَلْنَا= (മുന്നറിയിപ്പ്/ശിക്ഷയാണിത്) നാം ഇറക്കിയതുപോലെ(ഉള്ള عَلَى ٱلْمُقْتَسِمِينَ= വിഭജനക്കാർക്ക് ٱلَّذِينَ جَعَلُوا۟= ആക്കിയവർക്ക്

ٱلْقُرْءَانَ= ഖുർആനിനെ (സ്വന്തം) عِضِينَ= തുണ്ടങ്ങൾ, കെട്ടിച്ചമച്ചത് فَوَرَبِّكَ= നിന്റെ നാഥനാണ

لَنَسْـَٔلَنَّهُمْ= നാം അവരോടു ചോദിക്കുക തന്നെ ചെയ്യും أَجْمَعِينَ= എല്ലാവരോടും, ഒക്കെയും

عَمَّا كَانُوا۟ يَعْمَلُونَ= അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കുറിച്ച് فَٱصْدَعْ= ഉദ്ഘോഷിക്കുക, പരസ്യമായി പറയുക നീ(പ്രവാചകൻ)

بِمَا تُؤْمَرُ= (സന്ദേശം)കൽപിക്കപ്പെട്ടത് നീ وَأَعْرِضْ= സാരമാക്കേണ്ട അവഗണിക്കുക നീ عَنِ ٱلْمُشْرِكِينَ= ഈ ബഹുദൈവരാധകരെ

إِنَّا كَفَيْنَٰكَ= നാം നിന്നെ മതിയാക്കിയിരിക്കുന്നു(നിനക്കുവേണ്ടി നാം നേരിട്ടുകൊള്ളാം) ٱلْمُسْتَهْزِءِينَ= ഈ പരിഹാസകരെ

ٱلَّذِينَ يَجْعَلُونَ= ആക്കുന്നവ(രെ)രായ مَعَ ٱللَّهِ= അല്ലാഹുവിനോടൊപ്പം إِلَٰهًا= ദൈവ(ം)ത്തെ ءَاخَرَ= (മറ്റുള്ളവരെ) മറ്റ്

فَسَوْفَ= (അടുത്തുതന്നെ) ശേഷം يَعْلَمُونَ= (അവർക്കതു മനസ്സിലാകും) അവർ അറിയും وَلَقَدْ نَعْلَمُ= തീർച്ചയായും നമുക്കറിയാം

أَنَّكَ يَضِيقُ صَدْرُكَ= (നിനക്ക് മനക്ലേശമുണ്ടാകുന്നത്) നിനക്ക് നിന്റെ മാറ് ഇടുങ്ങുന്നു

بِمَا يَقُولُونَ= (പറയുന്ന വർത്തമാനങ്ങളാൽ) അവർ പറയുന്നതിനാൽ فَسَبِّحْ= (മനസ്വാസ്ഥ്യം നേടാൻ) നീ പ്രകീർത്തനം ചെയ്യുക അപ്പോൾ

بِحَمْدِ رَبِّكَ= നിന്റെ നാഥന്റെ സ്തുതി وَكُن= നീ ആവുക

مِّنَ ٱلسَّٰجِدِينَ= (അവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണാമം ചെയ്യുക) സുജൂദ് ചെയ്യുന്നവരിൽപ്പെട്ടവൻ

وَٱعْبُدْ= നീ അടിമത്തമർപ്പിക്കുക, വഴിപ്പെടുക رَبَّكَ= നിന്റെ നാഥന്ന്

حَتَّىٰ يَأْتِيَكَ= നിനക്ക് വന്നെത്തുന്നതുവരെ ٱلْيَقِينُ= (വന്നെത്തുമെന്ന് ഉറപ്പായ അന്ത്യനിമിഷം, മരണം) ഉറപ്പ്

**89:** മുകളിൽ സൂചിപ്പിച്ച സമ്പന്നരും പ്രമാണിമാരും പാവങ്ങളായ സത്യവിശ്വാസികളും ഉൾപ്പെടെയുള്ള ജനങ്ങളോട് പറയേണ്ടതിതാണ്: വരാനിരിക്കുന്ന വിപത്തുകളെക്കുറിച്ചും അതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗങ്ങളെക്കുറിച്ചും മുന്നറിയിപ്പു നൽകാൻ നിയുക്തനായ പ്രവാചകൻ മാത്രമാകുന്നു ഞാൻ. ഞാൻ ഈ ദൗത്യം നിർവഹിച്ചു കൊണ്ടിരിക്കുകയാണ്. നിങ്ങളെക്കൊണ്ട് അത് വിശ്വസിപ്പിക്കുകയും അനുസരിപ്പിക്കുകയും ചെയ്യുക എന്റെ ചുമതലയല്ല. എന്നെ വിശ്വസിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് നിങ്ങൾ തന്നെയാണ്. വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്താൽ അതിന്റെ ഗുണം നിങ്ങൾക്കു തന്നെ. നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്താൽ അതിന്റെ ദോഷവും നിങ്ങൾക്കുതന്നെ.

**90,91:** ഈ സൂക്തങ്ങളെ കഴിഞ്ഞ 87-ാം സൂക്തവുമായി ബന്ധിപ്പിച്ചുകൊണ്ടാണ് പ്രമുഖ പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുള്ളത്. മുഹമ്മദ് നബിക്ക് ആവർത്തിച്ചുരുവിടാനുള്ള സപ്തസൂക്തങ്ങളും ഖുർആനും നൽകിയിരിക്കുന്നുവെന്നാണല്ലോ അതിൽ പറയുന്നത്. നേരത്തെ മറ്റു സമുദായങ്ങൾക്ക് വേദം അവതരിപ്പിച്ചു കൊടുത്തിട്ടുള്ളതുപോലെ തന്നെയാണ് ഇപ്പോൾ ഈ വേദം അന്ത്യപ്രവാചകന് അവതരിപ്പിക്കുന്നതും. ഇതര സമുദായങ്ങൾ അവർക്കവതീർണമായ വേദങ്ങളെ തുണ്ടം തുണ്ടമായി വിഭജിച്ചു ശിഥിലമാക്കിക്കളയുകയായിരുന്നു. അതാണ് പുതിയ വേദാവതരണം ആവശ്യമാക്കിയത്.

വിഭജനക്കാർ എന്നതുകൊണ്ട് പ്രധാനമായും സൂചിപ്പിക്കുന്നത് ഇസ്രാഈല്യരെയാണ്. അവർ തൗറാത്തിന്റെ വചനക്രമം മാറ്റിമറിക്കുകയും പല ഖണ്ഡങ്ങളായി തിരിച്ച് ചില ഖണ്ഡങ്ങൾ സാമാന്യ ജനങ്ങളിൽനിന്ന് ഒളിച്ചു വച്ചു. ചില വചനങ്ങൾ സ്വീകരിച്ചു. ചില വചനങ്ങൾ തള്ളിക്കളഞ്ഞു. സൂറ *അൽ അൻആം* 91-ാം സൂക്തത്തിൽ അവരുടെ ചെയ്തി ഇങ്ങനെ പരാമർശിക്കുന്നുണ്ട്. تَجْعَلُونَهُۥ قَرَاطِيسَ تُبْدُونَهَا وَتُخْفُونَ كَثِيرًا (നിങ്ങൾ അത്(തൗറാത്ത്) പല ഏടുകളാക്കുകയും കുറച്ചു വെളിപ്പെടുത്തുകയും കൂടുതൽ ഒളിച്ചു വെക്കുകയും ചെയ്യുന്നു). *അൽബഖറ* 85-ാം സൂക്തം അവരോടു ചോദിക്കുന്നു: أَفَتُؤْمِنُونَ بِبَعْضِ ٱلْكِتَٰبِ وَتَكْفُرُونَ بِبَعْضٍ (നിങ്ങൾ വേദത്തിന്റെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും ചില ഭാഗങ്ങൾ നിഷേധിക്കുകയുമാണോ?)

പ്രകൃത സൂക്തത്തിൽ ഖുർആൻ എന്ന പരാമർശം കൊണ്ടുദ്ദേശ്യം ദൈവിക ഗ്രന്ഥം എന്നാണ്. മനുഷ്യർക്ക് വായിക്കാൻ അല്ലാഹു അവതരിപ്പിച്ചവ എന്നനിലയിൽ എല്ലാ വേദങ്ങളും ഖുർആനാണ്. സൂറ *അർറഅ്ദ്* 31-ാം സൂക്തത്തിൽ وَلَوْ أَنَّ قُرْءَانًا سُيِّرَتْ بِهِ ٱلْجِبَالُ أَوْ قُطِّعَتْ بِهِ ٱلْأَرْضُ أَوْ كُلِّمَ بِهِ ٱلْمَوْتَىٰ (മലകൾ നീക്കുകയോ ഭൂമി പിളർക്കുകയോ മരിച്ചവരെ സംസാരിപ്പിക്കുകയോ ചെയ്യാൻ ശക്തിയുള്ള ഒരു ഖുർആൻ ആണ് അവതരിപ്പിച്ചതെങ്കിൽ) എന്ന വാക്യത്തിലെ ഖുർആൻ ഈ അർഥത്തിലുള്ളതാണ്.

'തൗറാത്ത് അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്ന് മുഹമ്മദും കൂട്ടരും അംഗീകരിക്കുന്നു. ആ വേദം ഇപ്പോൾ നിലവിലുണ്ടുതാനും. എന്നിരിക്കെ പുതിയൊരു വേദത്തിന്റെ ആവശ്യമെന്ത്' എന്ന് യഹൂദർ ഉന്നയിച്ചിരുന്ന വിമർശനത്തിന്റെ മറുപടിയും ഈ സൂക്തം ഉൾക്കൊള്ളുന്നു. ഒന്നാമതായി ആ ഖുർആൻ-വേദം അതിന്റെ മൂലരൂപത്തിൽ എവിടെയും നിലനിൽക്കുന്നില്ല. അതിന്റെ വാഹകർ അതിനെ ഛിന്നഭിന്നമാക്കുകയും ചില ഭാഗങ്ങൾ വിസ്മരിക്കുകയും ചില ഭാഗങ്ങൾ പൂഴ്ത്തിവെക്കുകയും ചില ഭാഗങ്ങൾ സ്വേഛാനുസാരം ഭേദപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പൂർവവേദത്തിന്റെ മൗലിക സ്വഭാവം നഷ്ടപ്പെട്ടിരിക്കുന്നു എന്നതുതന്നെ പുതിയൊരു വേദത്തിന്റെ അവതരണം അനിവാര്യമാക്കുന്നു.

ഭാഗിച്ചു, വീതിച്ചു എന്നർഥമുള്ള قسّمയിൽ നിന്നുള്ളതാണ് مقتسمين. അതിനെ إقتسم ആക്കുമ്പോൾ കൃത്രിമമായി മനപൂർവം വിഭജിച്ചു എന്ന അർഥമാകുന്നു. അതിന്റെ കർതൃപദമായ مقتسم ന്റെ ബഹുവചനമാണ് مقتسمون. അവയവം, ഘടകം, ഭാഗം എന്ന അർഥത്തിലുള്ള عضو ന്റെ واو നെ ة ആക്കി മാറ്റി عضة ആക്കിയതിന്റെ ബഹുവചനമാണ് عِضِينَ. അവർ ഖുർആനിനെ അവർക്കു തോന്നിയതുപോലെ ഖണ്ഡങ്ങളാക്കി ചില ഖണ്ഡങ്ങൾ കൊള്ളുകയും ചില ഖണ്ഡങ്ങൾ തള്ളുകയും ചെയ്തു. ഖുർആനിനെ തുണ്ടമാക്കി വിഭജിച്ചു എന്നാണ് جَعَلُوا۟ ٱلْقُرْءَانَ عِضِينَ ന്റെ അർഥം.

كَمَآ أَنزَلْنَا.......... എന്ന വാക്യത്തെ തൊട്ടുമുമ്പുള്ള സൂക്തവുമായി ബന്ധിപ്പിച്ചുകൊണ്ടും ചിലർ വ്യാഖ്യാനിച്ചിട്ടുണ്ട്. അതായത് വേദ പ്രമാണങ്ങളെ തുണ്ടംതുണ്ടമാക്കി പാഴാക്കിക്കളഞ്ഞ യഹൂദർക്കുമേൽ ഇറക്കിയതുപോലുള്ള ശിക്ഷ ഖുറൈശികളുടെ മേലും അല്ലാഹു ഇറക്കുമെന്ന് വ്യക്തമായി മുന്നറിയി

പ്പു നൽകുകയാണ് എന്റെ ദൗത്യം: മദീനയുടെ പരിസരത്തു വസിച്ചിരുന്ന യഹൂദഗോത്രങ്ങളായ ബനൂഖുറൈളക്കും ബനുന്നദീറിനും സമാധാനക്കരാർ ലംഘിച്ച് പ്രവാചകനെ വഞ്ചിച്ചതിനെതുടർന്നുണ്ടായ ദുരന്തങ്ങളാണ് സൂചിപ്പിക്കപ്പെടുന്ന ശിക്ഷയെന്നും അവർ പറയുന്നു. പക്ഷേ, ആ സംഭവങ്ങൾക്ക് എത്രയോ മുമ്പ് മക്കയിലാണ് ഈ സൂക്തങ്ങൾ അവതരിക്കുന്നത്.

مقتسمين എന്നു പരാമർശിച്ചത് ഖുറൈശി നേതാക്കളെയാണെന്നും ഒരു വ്യാഖ്യാനമുണ്ട്. ഇമാം ഖതാദയിൽനിന്ന് ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: ٱلْمُقْتَسِمِينَ എന്നത് വലീദുബ്നുൽ മുഗീറ സംഘടിപ്പിച്ച ഒരു പറ്റം ഖുറൈശികളാകുന്നു. ഹജ്ജ് കാലമായപ്പോൾ അയാൾ അവരോട് പറഞ്ഞു: അറേബ്യയുടെ നാനാദിക്കുകളിൽനിന്നും തീർഥാടക സംഘങ്ങൾ നമ്മുടെ നാട്ടിലെത്താൻ പോവുകയാണ്. നമ്മുടെ ഈ ചങ്ങാതി(മുഹമ്മദ് നബി)യെക്കുറിച്ച് അവരൊക്കെ തീർച്ചയായും കേട്ടിരിക്കും. ആകയാൽ അയാളെക്കുറിച്ച് നാമെല്ലാവരും ഒറ്റ നിലപാടുകാരായിരിക്കണം. തുടർന്ന് അയാൾ 16 പേരെ തെരഞ്ഞെടുത്ത് ഓരോരുത്തർക്കും സഞ്ചാരികൾ മക്കയിൽ പ്രവേശിക്കുന്ന ഓരോ വഴികൾ നിശ്ചയിച്ചു കൊടുത്തു. അവർ അവിടെനിന്ന് തീർഥാടകരുമായി സംസാരിച്ച് അവരെ മുഹമ്മദിൽനിന്നും ഇസ്‌ലാമിൽനിന്നും അകറ്റാൻ ശ്രമിക്കണം. അങ്ങനെ അവർ ഓരോരുത്തരും തങ്ങൾക്ക് നിശ്ചയിച്ച സ്ഥലങ്ങൾ ഏറ്റെടുത്തു. കണ്ടുമുട്ടുന്ന തീർഥാടകരോട് ചിലർ പറഞ്ഞു: മുഹമ്മദ് ഓതുന്ന ഖുർആൻ കേട്ട് വഞ്ചിതരാവല്ലേ; അത് ആഭിചാരമാണ്. ചിലർ പറഞ്ഞു: അത് കവിതയാണ്. ചിലർ പറഞ്ഞു: ഭ്രാന്തൻ ജൽപനങ്ങളാണ്. ചിലർ പറഞ്ഞു: അയാളൊരു ജ്യോത്സ്യനാണ്. ചിലർ പറഞ്ഞു: എവിടെനിന്നോ കേട്ടെഴുതിയ പൂരണ കഥകളാണ്. ഖുർആനിന്റെ വ്യത്യസ്ത ഗുണങ്ങൾ പരിഗണിച്ച് അതിനെ പലതായി വിഭജിക്കുകയായിരുന്നു അവർ. നിയുക്ത സംഘത്തിലുണ്ടായിരുന്ന 16 പേർ ഇവരാണ്: ഹൻളലഃ ബിൻ അബീസുഫ്‌യാൻ, ഉത്ബത് ബിൻ റബീഅഃ, അയാളുടെ സഹോദരൻ ശൈബഃ, വലീദുബ്നുൽ മുഗീറഃ, അബൂജഹൽ ബിൻ ഹിശാം, സഹോദരൻ ആസ്, അബൂലൈസ് ബിൻ വലീദ്, ഖൈസ് ബിൻ ഫാക്കിഹ്, സുഹൈറുബിൻ ഉമയ്യഃ, ഹിലാലുബിൻ അബ്ദിൽ അസ്‌വദ്, സാഇബ് ബിൻ സ്വൈഫി, നദ്‌റുബിൻ ഹാരിസ്, അബുൽ ബുഖ്തരി ബിൻ ഹിശാം, സംഅതുബിൻ ഹജ്ജാജ്, ഉമയ്യ ബിൻ ഖലഫ്, ഔസുബിൻ മുഗീറഃ.

ഈ നിവേദനത്തിൽ പറയുന്ന സംഭവം ചരിത്ര വസ്തുതയാണ്. പ്രകൃതസൂക്തം ഈ സംഭവത്തെക്കുറിച്ചാണ് എന്നതിന് തെളിവായി ഉന്നയിക്കപ്പെടുന്നത് അതിലെ جَعَلُوا۟ ٱلْقُرْءَانَ عِضِينَ എന്ന വാക്യത്തിലെ ഖുർആൻ പരാമർശം മാത്രമാകുന്നു. ഖുർആൻ മുഹമ്മദ് നബിക്ക് അവതരിച്ച വേദത്തിന്റെ മാത്രം പേരാണെന്നും, പ്രവാചകന്റെ മക്കാ ജീവിതത്തിൽ ഖുർആനിനെ മേൽപറഞ്ഞ വിധം ഭാഗിച്ചത് ഖുറൈശികളാണെന്നുമാകുന്നു വാദം: ഇതു ബാലിശമാണ്. വാസ്തവത്തിൽ ഖുർആൻ പല ഖണ്ഡമായി ഭാഗിക്കുകയല്ല, ഖുർആനിന്റെ വിവിധ ഗുണങ്ങൾ വിവിധ രൂപത്തിൽ നിഷേധിക്കുകയാണ് ഖുറൈശികൾ ചെയ്തിരുന്നത്.

**92,93:** ഈ രണ്ടു സൂക്തങ്ങളും പ്രഥമമായി സൂചിപ്പിക്കുന്നത് വേദക്കാരെയാകുന്നു. അല്ലാഹു സഗൗരവം സത്യം ചെയ്തുകൊണ്ട് അവരെ ഉണർത്തുകയാണ്: സത്യം മറച്ചുവെക്കുകയും വേദഗ്രന്ഥത്തോട് ഈ വിധം അതിക്രമം കാട്ടുകയും ചെയ്തവരെ അവരുടെ നടപടികളുടെ പേരിൽ ഒരു നാൾ അല്ലാഹു വിചാരണാ വിധേയരാക്കുക തന്നെ ചെയ്യും. أَجْمَعِينَ എന്നവാക്ക് വേദക്കാരെയും അല്ലാത്തവരെയും ഉൾക്കൊള്ളുന്നതാണ്. വേദജ്ഞാനം സ്വാർഥ ലാഭത്തിനു വേണ്ടി പൂഴ്ത്തിവെക്കുകയോ നിഷേധിക്കുകയോ ചെയ്യുകയാണെങ്കിൽ മുസ്‌ലിംകൾ ഉൾപ്പെടെയുള്ള വേദക്കാരും വേദം ഒട്ടും സ്വീകരിക്കാൻ കൂട്ടാക്കാത്തവരുമെല്ലാം വിചാരണ ചെയ്യപ്പെടും.

**94–96:** പ്രഭാഷണം വീണ്ടും മൂലവിഷയത്തിലേക്ക് മടങ്ങുകയാണ്: പ്രവാചകനോട് താൻ ഏൽപിക്കപ്പെട്ട സത്യസന്ദേശം യാതൊരു ഏറ്റക്കുറവുമില്ലാതെ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ ശക്തിയായി ആവശ്യപ്പെടുന്നു. സത്യനിഷേധികളും ബഹുദൈവാരാധകരും നടത്തുന്ന, കുപ്രചാരണങ്ങൾ പ്രവാചകനെ അതിൽനിന്ന് അശേഷം പിന്തിപ്പിച്ചുകൂടാ. അല്ലാഹുവിന്റെ കൂടെ മറ്റു കൃത്രിമ ദൈവങ്ങളെ ആരാധിക്കുന്ന അവിവേകികളുടെ പരിഹാസങ്ങളെ അല്ലാഹു തന്നെ നേരിട്ടോളും.

പ്രയോഗത്തിൽ ഉറക്കെ പ്രഖ്യാപിക്കലും വിളംബരം ചെയ്യലുമാണ് صدع. മൗലികമായ ഭാഷാർഥം പൊട്ടൽ, പിളരൽ എന്നാണ്. പാത്രം ഉടയുന്നതിന് انصداع الاناء എന്നു പറയും. ഒരു വസ്തു പൊട്ടിപ്പിളർന്നാൽ അതിനു പിന്നിൽ മറഞ്ഞുകിടന്നത് വെളിപ്പെടുന്നു എന്ന അടിസ്ഥാനത്തിലാണ് പരസ്യപ്പെടുത്തുന്നതിന് صدع ഉപയോഗിക്കുന്നത്.

മഹമ്മദീയ പ്രവാചകത്വത്തിന്റെ നാലംവർഷമോ അഞ്ചാംവർഷമോ അവതരിപ്പിച്ചതാണീ സൂക്തങ്ങൾ. അതുവരെ നബി(സ) നടത്തിക്കൊണ്ടിരുന്നത് രഹസ്യ പ്രബോധനമായിരുന്നു. അർഖം ബിൻ അബിൻ അർഖമിന്റെ വീട്(ദാറുൽ അർഖം) ആയിരുന്നു പ്രവാചകന്റെ കേന്ദ്രം. ഇതെപ്പറ്റി അബ്ദുല്ലാഹിബിൻ മസ്ഊദ് പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെടുന്നു: فَٱصْدَعْ بِمَا تُؤْمَرُ എന്നവാക്യം അവതരിക്കുന്നതുവരെ പ്രവാചകൻ രഹസ്യമായിട്ടാണ് പ്രവർത്തിച്ചിരുന്നത്. ഈ വാക്യമവതരിച്ചതോടെ തിരുമേനിയും സഖാക്കളും വെളിക്കുവന്നു. അതായത് സൂറ *അൽമുദ്ദസിർ* അവതരിച്ചപ്പോൾ നബി(സ) രഹസ്യമായി ജനങ്ങളെ പ്രബോധനം ചെയ്തുതുടങ്ങി. അക്കാലത്ത് ഇസ്‌ലാം സ്വീകരിച്ചവർ നമസ്കരിക്കാനുദ്ദേശിച്ചാൽ വിഗ്രഹാരാധകർ കാണാതിരിക്കാൻ ഒഴിഞ്ഞ ഏതെങ്കിലും മലയിടുക്കുകളിലേക്ക് പോകുമായിരുന്നു. നമസ്കരിക്കുന്നത് കണ്ടാൽ അവർ കഠിനമായി ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ ഒരിക്കൽ അവരും സഅ്ദുബിൻ അബീവഖാസും തമ്മിൽ അടിപിടിയുണ്ടായി. ഒരു വിഗ്രഹാരാധകനെ സഅ്ദ് പരിക്കേൽപിച്ചു. ആ സംഭവത്തിനു ശേഷം റസൂൽ തിരുമേനിയും ശിഷ്യന്മാരും സ്വഫാകുന്നിനടുത്തുള്ള ദാറുൽ അർഖമിൽ പ്രവേശിച്ചു. അവിടെ അവർ നമസ്കാരം മുറപ്രകാരം നടത്താറുണ്ടായിരുന്നു. മൂന്നോ അതിൽ കൂടുതലോ വർഷം ഇങ്ങനെ കഴിഞ്ഞു. പിന്നെ فَٱصْدَعْ بِمَا تُؤْمَرُ എന്ന സൂക്തമവതരിച്ചു. അതോടെ നബി(സ) ദാറുൽ അർഖമിലെ രഹസ്യ പ്രബോ

ധനം മതിയാക്കി പുറത്തു വന്ന് പരസ്യപ്രബോധനമാരംഭിച്ചു.

ٱلْمُسْتَهْزِءِينَ -പരിഹാസകർ എന്നുപറഞ്ഞതിൽ പ്രവാചകനെയും ശിഷ്യന്മാരെയും ദ്രോഹിച്ചിരുന്ന എല്ലാവരും ഉൾപ്പെടും. അവരുടെ ദ്രോഹങ്ങളിൽ ലഘുവായതായിരുന്നു പരിഹാസം. പ്രവാചകനും ഖുർആനിനും നേരെയുള്ള പുഛവും പരിഹാസവും പ്രവാചക ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചിരുന്നു. പ്രവാചകൻ ഇതിൽ മനസ്താപപ്പെടാതിരിക്കുകയാണ് അതിനുള്ള പരിഹാരം എന്ന് നിർദേശിച്ചിരിക്കുകയാണിവിടെ. അവരെയും അവരുടെ പരിഹാസത്തെയും അല്ലാഹു കൈകാര്യം ചെയ്തുകൊള്ളുമെന്ന് കരുതി സമാധാനിക്കുക. അല്ലാഹു തീർച്ചയായും അവരെ നേരിടുന്നതാണ്. അത് എങ്ങനെയെന്ന് അടുത്തഭാവിയിൽ അവർ അറിയാൻ പോകുന്നു. ഖുറൈശികളെ പൊതുവായി എടുക്കുമ്പോൾ ബദ്റിലെ ഖുറൈശികളുടെ പരാജയവും മക്കാ വിമോചനവുമൊക്കെയാണതുകൊണ്ട് സൂചിപ്പിക്കുന്നത്.

പ്രവാചകനെയും വിശ്വാസികളെയും ദ്രോഹിക്കുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നത് അഞ്ച് ഖുറൈശി നേതാക്കളായിരുന്നുവെന്ന് ചില നിവേദനങ്ങളിൽ പറയുന്നു. വലീദുബിൻ മുഗീറ, അബ്ദ് ബിൻ അബ്ദിയഗൂസ്, അസ്‌വദ് ബിൻ മുത്വലിബ്, ആസ് ബിൻ വാഇൽ, ഹാരിസ് ബിൻ ഖൈസ് എന്നിവരായിരുന്നു അവർ. ഈ അഞ്ചുപേരും പലതരം വിപത്തുകളാൽ ദുർമരണത്തിനിരകളായതായും അതാണിവിടെ അടുത്തുതന്നെ അവർ അതറിയാൻ പോകുന്നു എന്ന വാക്യത്തിലൂടെ സൂചിപ്പിച്ചതെന്നും ചില നിവേദനങ്ങൾ ഇമാം ഖുർതുബിയും ഇബ്നു കസീറും അവരുടെ തഫ്സീറുകളിൽ ഉദ്ധരിച്ചിട്ടുണ്ട്. إِنَّا كَفَيْنَٰكَ ٱلْمُسْتَهْزِءِينَ എന്ന വാക്യത്തെയാണ് പരിഹാസകരെ നിനക്കുവേണ്ടി നാം നേരിട്ടുകൊള്ളാം' എന്ന് തർജമ ചെയ്തിട്ടുള്ളത്. മതിയാവുക പര്യാപ്തമാവുക, എന്ന അർഥത്തിലുള്ള كفاية ൽനിന്നുള്ള ക്രിയയായ كفى യുടെ ഉത്തമപുരുഷ ബഹുവചനമാണ് كفينا. ഒരാൾ മറ്റൊരാൾക്കുവേണ്ടി ഒരു സംരംഭം ഏറ്റെടുത്തുകൊണ്ട് അയാളെ അതിന്റെ പ്രയാസങ്ങളിൽനിന്നും ആപത്തുകളിൽനിന്നും രക്ഷപ്പെടുത്തുകയാണ് كفاية. അങ്ങനെ ഏറ്റെടുക്കുന്ന ആൾ كافى ആരുടെ കാര്യം ഏറ്റെടുക്കുന്നുവോ ആയാൾ مكفى. നിന്റെ പ്രശ്നം ഞാൻ നോക്കിക്കൊള്ളാം എന്ന അർഥത്തിൽ كفيت مهمك എന്നുപറയും.

كفيتك عدوّك എന്നാൽ നിന്റെ ശത്രുവിന്റെ അക്രമം നിനക്ക് വേണ്ടി ഞാൻ നേരിട്ടുകൊള്ളാം. പരിഹാസകരുടെ വായടച്ച് നിനക്ക് ആശ്വാസം നൽകുന്ന കാര്യം ഞാനേറ്റിരിക്കുന്നു എന്നാണ് كَفَيْنَٰكَ ٱلْمُسْتَهْزِءِينَ ന്റെ താൽപര്യം.

**97–99:** അവിശ്വാസികളുടെ പുഛവും പരിഹാസവും ക്ഷമിക്കാൻ ഉപദേശിച്ചശേഷം ക്ഷമാശക്തി വർധിപ്പിക്കാനുള്ള മാർഗവും ഉപദേശിച്ചിരിക്കുകയാണ്. പ്രതിയോഗികളുടെ പരിഹാസം അല്ലാഹു കേൾക്കുന്നുണ്ട്. അത് പ്രവാചകന് മനക്ലേശമുണ്ടാക്കുന്നത് അറിയുന്നുമുണ്ട്. എല്ലാം നടക്കുന്നത് അവന്റെ വ്യവസ്ഥയനുസരിച്ചാണ്. സദാ അല്ലാഹുവിനെ സ്മരിക്കുകയും അവന്റെ മഹത്വം പ്രകീർത്തിക്കുകയും ചെയ്യുക, അവന്റെ മുമ്പിൽ ദീർഘനേരം പ്രണാമം ചെയ്യുക അഥവാ നമസ്കരിക്കുക. ജീവിതാന്ത്യം വരെ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ അഭീഷ്ടവും പ്രീതിയുമനുസരിച്ച് മാത്രം നിർവഹിക്കുക എന്നിവയാണത്. സ്തുതികീർത്തനവും നമസ്കാരവും കൽപിച്ചതിനോട് സമാസിച്ചുകൊണ്ട് കൽപിക്കുന്ന ഇബാദത്തിന്റെ താൽപര്യം അതാണ്. ഇവിടെ يقين ന് മരണം അഥവാ ജീവിതാന്ത്യം എന്നാണ് പലപണ്ഡിതന്മാരും അർഥം കൊടുത്തിട്ടുള്ളത്. ജനിച്ചിട്ടില്ലാത്ത കാലത്ത് നമ്മുടെ ജനനം ആർക്കും ഉറപ്പോ ഊഹമോ ഉണ്ടായിരുന്ന കാര്യമല്ല. ഇനിയും ആരൊക്കെ ജനിക്കാനിരിക്കുന്നു എന്നും ആർക്കും അറിയില്ല. പക്ഷേ, നാം ഉൾപ്പെടെ ജനിച്ചവരെല്ലാം മരിക്കുമെന്ന് എല്ലാവർക്കും ഉറപ്പാണ്. ഈ അടിസ്ഥാനത്തിലാണ് ഉറപ്പ്, ദൃഢബോധ്യം എന്നർഥമുള്ള يقين മരണത്തെ സൂചിപ്പിക്കുന്നത്.

ചിലർ ഈ സന്ദർഭത്തിലെ يقين ന് പ്രഭാതോദയം ഉറപ്പായാൽ അഥവാ നീ എന്തിലേക്കാണ് ജനങ്ങളെ ക്ഷണിക്കുന്നതെന്ന് എല്ലാവർക്കും വ്യക്തമായി കാണാറാകുന്നതുവരെ ആരാധനാ കർമങ്ങളിൽ നിരതനാവുക എന്നും അർഥം കൽപിച്ചിട്ടുണ്ട്. വിദൂരമായ വ്യാഖ്യാനമാണിത്. ഇതിനെക്കാൾ വിദൂരമായ മറ്റൊരർഥവും കൂടി ഈ സമാപന വാക്യത്തിന് നൽകപ്പെട്ടിരിക്കുന്നു. معرفة(ദൈവജ്ഞാനം അല്ലെങ്കിൽ ദൈവത്തെ തിരിച്ചറിയൽ) ഉണ്ടാകുന്നതുവരെ ആരാധനാ കർമങ്ങളനുഷ്ഠിച്ചുകൊണ്ടിരിക്കുക എന്നാണത്. معرفة ലഭിച്ചുകഴിഞ്ഞാൽ പിന്നെ ആരാധനാ ബാധ്യത تكليف ഇല്ലാതായി. ബഹുഭൂരിപക്ഷം ഇസ്‌ലാമിക പണ്ഡിതന്മാരും ഈ വ്യാഖ്യാനം അസന്ദിഗ്ധമായി നിഷേധിച്ചിരിക്കുന്നു. ഇബ്നു കസീറിനെപ്പോലുള്ള ചില മുഫസ്സിറുകൾ കുഫ്റ് (സത്യനിഷേധം) ദലാലത്(സന്മാർഗഭ്രംശം) ജഹ്ൽ(മൂഢത) എന്നൊക്കെയാണിതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ പ്രവാചകന്മാരും അവരുടെ ശിഷ്യന്മാരുമായിരുന്നു അല്ലാഹുവിനെകുറിച്ചും അവന്റെ ഗുണങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അവൻ അർഹിക്കുന്ന ഭയഭക്തിയെക്കുറിച്ചും ഏറ്റം അറിയുന്ന മനുഷ്യർ. അതോടൊപ്പം ഏറ്റവുമധികം ദൈവാരാധനകളനുഷ്ഠിച്ചതും അവർ തന്നെയാണ്. معرفة ഉണ്ടായാൽ ആരാധനകൾ അനുഷ്ഠിക്കേണ്ടതില്ലെങ്കിൽ പ്രവാചകത്വം ലഭിക്കുന്നതോടെ പ്രവാചകന്മാർ ആരാധനകളിൽ നിന്നൊഴിവാകേണ്ടതാണ്. പ്രവാചകത്വം ലഭിച്ചതോടെ അവർ പൂർവാധികം ആരാധനാ നിരതന്മാരായതാണ് നാം കാണുന്നത്.

മനോവിഷമങ്ങൾക്കുള്ള സിദ്ധൗഷധം ദിക്റും തസ്ബീഹും തഹ്മീദും നമസ്കാരം വർധിപ്പിക്കലുമാണെന്ന് സ്ഥിരപ്പെടുത്തുന്നു ഈ സൂക്തങ്ങൾ. സുജൂദ് വേളയിലാണ് മനുഷ്യൻ അല്ലാഹുവുമായി ഏറ്റം അടുക്കുന്നത്. നബി(സ) പ്രസ്താവിച്ചതായി ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു:

أقرب مايكون العبد من ربه وهو ساجد فاخلصوا الدعاء (ദൈവദാസൻ സുജൂദിലായിരിക്കുമ്പോഴാണ് അല്ലാഹുവുമായി ഏറ്റവും അടുക്കുക. ആകയാൽ അപ്പോൾ നിഷ്കളങ്കമായി പ്രാർഥിക്കുവിൻ). പരമകാരുണികനും സർവശക്തനുമായ അല്ലാഹുവുമായുള്ള സാമീപ്യബോധം വിശ്വാസികളുടെ മനസിൽ നിന്നും ഭയ-ദുഖങ്ങളകറ്റുന്നു. പകരം ആത്മധൈര്യത്തിന്റെയും ശുഭപ്രതീക്ഷകളുടെയും തൂവെളിച്ചം നിറക്കുന്നു. സൂറ *അർറഅ്ദ്* 28-ാം സൂക്തത്തിൽ അല്ലാഹു വിശ്വാസികളെ ഉൽബോധിപ്പിക്കുന്നു. أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ (അറിഞ്ഞിരിക്കുവിൻ ദൈവസ്മരണയാൽ മാത്രമാകുന്നു ഹൃദയങ്ങൾ ശാന്തമാകുന്നത്). ●

انتهى تنوير سورة الحجر بعون الله وتوفيقه